## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 925**

**25/01/2018-ൽ മറുപടിയ്ക്ക്.**

### കമ്പോളത്തിൽ ആധിപത്യം നേടുന്നതിന് മിൽമയെ സജ്ജമാക്കുന്നതിന് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. സണ്ണി ജോസഫ് | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ മന്ത്രി) |
| (എ) | മിൽമയുടെ പുനഃസംഘടനയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയുക്തയായ ശ്രീമതി. ലീഡ ജേക്കബ് ചെയർപേഴ്സണായുള്ള സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രധാന ശിപാർശകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) | ടി വിഷയങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| ബി) | മിൽമ മേഖലയിലെ യൂണിയനുകളെ പിരിച്ചുവിട്ട് ക്ഷീരസംഘങ്ങളും ഫെഡറേഷനും മാത്രമുള്ള സംവിധാനത്തിന് രൂപം നൽകുവാൻ ആലോചിക്കുന്നുണ്ടോ; | ബി) | ഇത്തരം നിർദ്ദേശങ്ങളൊന്നും നിലവിലില്ല. ഇപ്പോൾ ഇത് സംബന്ധിച്ച് തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല. |
| സി) | ക്ഷീരവിപണന മേഖലയിൽ വൻകിട ബ്രാൻഡുകളോട് മത്സരിച്ച് കമ്പോളത്തിൽ ആധിപത്യം നേടുന്നതിന് മിൽമയെ സജ്ജമാക്കുന്നതിന് എന്ത് പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | സി) | കേരളത്തിലെ ഏറ്റവും ജനപ്രിയ ബ്രാൻഡുകളിൽ മുൻപന്തിയിലാണ് മിൽമയുടെ സ്ഥാനം. മറ്റ് വിവിധ വൻകിട കമ്പനികളുടെ ക്ഷീരോല്പന്നങ്ങൾ വിപണിയിൽ ലഭ്യമാണെങ്കിലും മിൽമയുടെ ഉൽപ്പന്നങ്ങൾക്ക് ഉപഭോക്താക്കളുടെ ഇടയിൽ സ്ഥായിയായ ഒരു സ്ഥാനമുണ്ട്. മിൽമ വിതരണം ചെയ്യുന്ന പാലിന്റെയും പാലുല്പന്നങ്ങളുടെയും ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് വേണ്ടത്ര ശ്രദ്ധ പുലർത്തുന്നുണ്ട്. പാൽ സംഘങ്ങളിൽ **സംഭരിക്കുന്നതു മുതൽ ഉപഭോക്താക്കളുടെ** കൈകളിൽ എത്തുന്നതുവരെയുള്ള എല്ലാ ഘട്ടങ്ങളിലും വേണ്ടത്ര ശ്രദ്ധ ഉറപ്പ് |

വരുത്തുന്നതോടൊപ്പം കർശനമായ ഗുണനിയന്ത്രണ പ്രക്രിയകൾ പാലിക്കുകയും ചെയ്യുന്നുണ്ട്. മിൽമയുടെ എല്ലാ പ്ലാന്റുകളും IS 22000 നിലവാരമുള്ളവയാണ്. ഇതോടൊപ്പംതന്നെ ദേശീയ ക്ഷീരവികസന ബോർഡ് നടപ്പാക്കാനുദ്ദേശിക്കുന്ന ക്വാളിറ്റി മാർക്ക് മിൽമയുടെ എല്ലാ പ്ലാന്റുകൾക്കും ലഭ്യമാക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. ഇതോടൊപ്പം ക്ഷീരവിപണന മേഖലയിൽ വൻകിട ബ്രാൻഡുകളോട് മത്സരിക്കുന്നതിനുവേണ്ടി കോർപ്പറേറ്റ് ബ്രാൻഡിംഗ് മിൽമ നടപ്പിലാക്കി വരുന്നുണ്ട്.

ഇതിൽ സംസ്ഥാന തലത്തിൽ ദൃശ്യമാധ്യമങ്ങളിലൂടെയുള്ള പരസ്യപ്രചരണ പരിപാടി, വർഷം മുഴുവനും നീണ്ടുനിൽക്കുന്ന റേഡിയോ പരസ്യങ്ങൾ,ദിനപത്രങ്ങൾ, മാഗസിനുകൾ എന്നിവ വഴിയുള്ള പരസ്യങ്ങൾ മിൽമ ഏജൻസികളിൽ സൈൻ ബോർഡുകൾ, പെയിന്റിംഗ്, മറ്റ് പരസ്യങ്ങൾ, പ്രധാന സ്ഥലങ്ങളിൽ ഹോർഡിങ്ങുകൾ, വിതരണ വാഹനത്തിൽ പരസ്യം,പാൽ വിതരണം വ്യാപകമാക്കുന്നതിനായി കൂടുതൽ ഡീലർഷിപ്പുകൾ, മൊത്ത വിതരണ ഏജൻസികൾ തുടങ്ങിയ പരിപാടികൾ ഉൾപ്പെടുന്നു.

**സെക്ഷൻ ഓഫീസർ**

V